# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ടെസ്സി.പി.ജോസ്

വിഷയം:- വനം വകുപ്പ് - ജീവനക്കാര്യം - അറ്റൻഡർ ഗ്രേഡ് - II തസ്തികയിലേക്ക് തസ്തികമാറ്റം വഴി ഓഫീസ് അറ്റൻഡന്റർമാരെ നിയമിച്ചു കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:-
1. ഈ ഓഫീസിലെ 03-04-2017 ലെ ഇ2-16/2013-ാം നമ്പർ കത്ത്.
2. ഓഫീസ് അറ്റൻഡന്റ് ശ്രീമതി.സുസ്മിത.എ.എസ് - ന്റെ 18-04-2016 തീയതിയിലെ അപേക്ഷ.
3. ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ഷെർളി.ആർ-ന്റെ 18-04-2016 തീയതിയിലെ അപേക്ഷ.

## ഉത്തരവ് നമ്പർ ഇ2-16/2013 തീയതി: 09-05-2017.

വനം വകുപ്പാസ്ഥാനത്തെ ലൈബ്രറിയിലും, കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലും അറ്റൻഡർ ഗ്രേഡ് - II തസ്തികയിൽ ഉണ്ടായ ഒഴിവിലേക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുവാൻ താൽപ്പര്യവും യോഗ്യതയുമുള്ള ഓഫീസ് അറ്റൻഡന്റ്മാരിൽ നിന്നും സൂചന (1) പ്രകാരം വെവ്വേറെ അപേക്ഷ ക്ഷണിച്ചിരുന്നു.

മേൽ പറഞ്ഞ ഒഴിവുകളിലേയ്ക്ക് ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെയും സീനിയോറിറ്റി-യുടേയും അടിസ്ഥാനത്തിൽ വനം വകുപ്പാസ്ഥാനത്തെ ലൈബ്രറിയിലെ ഒഴിവിലേക്ക് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം ഓഫീസിലെ അഫീസ് അറ്റൻഡന്റ് ശ്രീമതി. സുസ്മിത.എ.എസ്, കോഴിക്കോട് (സോഷ്യൽ ഫോറസട്രി) ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ഒഴിവിലേയ്ക്ക് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ഷെർളി.ആർ എന്നിവർ അർഹരാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി. സുസ്മിത.എ.എസ്, ശ്രീമതി. ഷെർളി.ആർ എന്നീ ഓഫീസ് അറ്റൻഡന്റുമാർക്ക് 17000-37500 രൂപ ശമ്പള സ്കെയിലിൽ

അറ്റൻഡറായി തസ്തികമാറ്റം അനുവദിച്ചുകൊണ്ടും ടിയാളുകളെ യഥാക്രമം വനം വകുപ്പ് ആസ്ഥാനത്തെ ലൈബ്രറിയിലും, കോഴിക്കോട് (സോഷ്യൽ ഫോറസ്ട്രി) ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലും നിയമനം നൽകികൊണ്ടും ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഓഫീസ് അറ്റൻഡന്റുമാർക്ക് മേൽ വിവരിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ്/റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ തസ്തികമാറ്റം വഴിയുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

ശ്രീമതി.സുസ്മിത.എ.എസ്, ശ്രീമതി.ഷെർളി.ആർ എന്നിവർക്ക് മേലധികാരി മുഖേന നൽകുന്നു.

പകർപ്പ്:-

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.എച്ച്.ആർ.ഡി) തിരുവനന്തപുരം.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) തിരുവനന്തപുരം.
4. ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) കോഴിക്കോട്.
5. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) - വനം വകുപ്പ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിലേയ്ക്ക്.
6. എച്ച് സെക്ഷൻ
7. സ്റ്റോക്ക് ഫയൽ.